സുറിയാനി

# ഗാനമാലിക



CHRISTIAN MUSICOLOGICAL SOCIETY OF INDIA

PRINTED & PUBLISHED BY
MAR NARSAI PRESS
OFFSET PRINTERS
THRISSUR

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## JESUS OUR SAVIOUR

# സുറിയാനി ഗാനമാലിക

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

**2014**

മാർ നർസൈ പ്രസ്സിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്നത്

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA


| | | | |
|---|---|---|---|
| 1 st | Edition | 1929 | 1000 |
| 2 nd | Edition | 1935 | 1000 |
| 3 rd | Edition | 1942 | 1000 |
| 4 th | Edition | 1947 | 1000 |
| 5 th | Edition | 1952 | 1000 |
| 6 th | Edition | 1958 | 1000 |
| 7 th | Edition | 1966 | 1000 |
| 8 th | Edition | 1969 | 1000 |
| 9 th | Edition | 1973 | 1000 |
| 10 th | Edition | 1979 | 1000 |
| 11 th | Edition | 1984 | 1000 |
| 12 th | Edition | 1986 | 1000 |
| 13 th | Edition | 1992 | 1000 |
| 14 th | Edition | 1997 | 1000 |
| 15 th | Edition | 2000 | 500 |
| 16 th | Edition | 2003 | 1000 |
| 17 th | Edition | 2005 | 1000 |
| 18 th | Reprinted | 2008 | 1000 |
| 19 th | Edition | 2010 | 1000 |
| 20 th | Edition | 2013 | 1000 |
| 21 st | Edition | 2014 | 1000 |

Published by :
**Mar Narsai Press (Offset)**
Mar Timotheus High Road, Trichur - 680 001,
Kerala, India.
Phone : 2420331


CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

# മുഖവുര

"അവൾ തന്നാൽ ആവതു ചെയ്തു" മർക്കൊസ് 14:8. ലോകത്തിലുള്ള മനുഷ്യരെല്ലാം ഒരു പോലെ ജ്ഞാനികളൊ സമർത്ഥന്മാരൊ അല്ല. എന്നിരുന്നാലും ഓരോരുത്തരും തങ്ങളിൽ ആവുന്നതുപോലെ അവരവരുടെ പ്രാപ്തികളെ ജീവിതത്തിൽ പ്രയോജനകരമാക്കിത്തീർക്കുന്നതിന് സർവ്വാത്മനാ ഉത്സാഹിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നു. നമുക്ക് എല്ലായ്പ്പോഴും ഉപയോഗമുള്ള നമ്മുടെ കൈകളിന്മേലുള്ള വിരലുകൾ തന്നെ ഒരേ നീളവും വലിപ്പവും ഉള്ളവയല്ലാ. എന്നാൽ ഓരോന്നും അതാതിന്റെ ജോലി കൃത്യമായി നിർവ്വഹിക്കുമ്പോൾ കൈകൊണ്ടുള്ള ഉദ്ദേശം സാദ്ധ്യമായിത്തീരുന്നു.

ജീവനുള്ള സൃഷ്ടികളുടെ ഇടയിൽ സംഗീതം എന്നുള്ളത് പ്രധാനമായ ഒന്നുതന്നെയാണ്. എന്നാൽ മനുഷ്യന് മാത്രമെ അതിന്റെ മാധുര്യത്തെ മുഴുവനായി അനുഭവമാക്കുന്നതിന് സാധിക്കുകയുള്ളു. അവൻ അതിനെ തന്റെ സൃഷ്ടാവിന്റെ മഹത്വത്തിലേയ്ക്ക് ഉപയോഗപ്പെടുത്തുവാൻ ചുമതലപ്പെട്ടിരിക്കുന്നു. 'സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടിയും ................................ കൊണ്ടിരിപ്പിൻ' (കൊലോ:3:16) എന്ന് പൗലൂസ് ശ്ലീഹാ പറയുന്നു.

നമ്മുടെ സമുദായാംഗങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് സംഗീതത്തെ അതിന്റെ തക്കതായ സ്ഥാനത്ത് കരുതി പോരുന്നതിന് സാധിച്ചിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ കുറവിനെ തീർക്കുന്നതിലേയ്ക്ക് വേണ്ടതായ പാണ്ഡിത്യമോ പ്രാപ്തിയോ എനിക്കുണ്ട് എന്നുള്ള ബോധത്തിന്മേലല്ല ഞാൻ ഇതിനായി ശ്രമിച്ചത്.

എന്നെ ഇതിലേക്ക് ഉത്സാഹിപ്പിച്ച പ്രധാന സംഗതികളിൽ ഒന്ന് മേലുദ്ധരിച്ച നമ്മുടെ രക്ഷിതാവിന്റെ വചനങ്ങൾ മാത്രമാണ് "അവൾ തന്നാൽ ആവതു ചെയ്തു."

ലോകത്തിൽ ഭാഗ്യം എന്നുള്ളതിനേയും അരിഷ്ടത എന്നുള്ളതിനേയും രണ്ടു മഹാഗുരുക്കന്മാരായി വിചാരിക്കാം. ഇതിൽ ഒന്നാമൻ സൗമ്യവാനും ശാന്തശീലനും രണ്ടാമൻ നിർദ്ദയൻ എങ്കിലും അഭ്യാസത്തിന്നു സമർത്ഥ നുമാണ്. അരിഷ്ടതപ്പെടുന്നവരോടുകൂടി സഹതപിക്കു ന്നതിന് എനിക്കു ലഭിച്ചിട്ടുള്ള സ്വല്പ അനുഭവം ഈ ഗീതങ്ങളെ രചിക്കുന്നതിനു വളരെ സഹായമായി തീർന്നിട്ടുണ്ട് എന്നുള്ളത് പ്രസ്താവ യോഗ്യമാണ്. വെള്ളം, അതു വെച്ചിരിക്കുന്ന പാത്രത്തിന്റെ ആകൃതിയെ ധരിക്കുന്നത് ഏത് പ്രകാരമോ, അപ്രകാരം തന്നെ ഓരോ പ്രത്യേക ഘട്ടങ്ങളിൽ ഉത്ഭവിക്കുന്ന ആശയങ്ങൾ, അതിനുമുമ്പ് മനസ്സിൽ കിടപ്പുള്ള രാഗത്തിൽ ആകൃതിപ്പെട്ടു പുറത്തുവരുന്നതുകൊണ്ട് ചില ഗീതങ്ങൾ അവയിലുള്ള ആശയങ്ങൾക്ക് ഒത്ത ഗാനത്തിൽ തന്നെ ആയിട്ടുണ്ടോ എന്നു പലപ്പോഴും സംശയം തോന്നീട്ടുണ്ട്.

ഇതിലുള്ള പല പാട്ടുകളും സുറിയാനിയിൽ നിന്ന് തർജ്ജമയും ചിലത് സുറിയാനി രാഗത്തിലുള്ളതുമാണ്. ഒന്നാം പതിപ്പിൽ ഉണ്ടായിരുന്ന അമ്പത് പാട്ടുകൾക്ക് പുറമേ, പുതുതായി രണ്ടാം പതിപ്പിൽ അമ്പത് പാട്ടുകളും ചേർത്തിട്ടുണ്ട്.

ഇതിലെ പല പാട്ടുകളും "പൗരസ്ത്യദൂതൻ" എന്ന മാസികയിൽ പ്രസിദ്ധം ചെയ്കയുണ്ടായിട്ടുണ്ട്. ഈ പുസ്തകത്തിലെ പാട്ടുകൾ പ്രത്യേകം കൂടെയിരുന്നു

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പരിശോധിച്ചു പല ന്യൂനതകളും പരിഹരിച്ച് ആശയങ്ങളെ പരിഷ്കരിക്കയും ഒരു അവതാരിക എഴുതുകയും ചെയ്തുതന്ന നി. വ. ദി. ശ്രീ. മാർ തിമോഥെയൂസ് മെത്രാപ്പോലീത്താ തിരുമേനിയോട് എനിക്കുള്ള അപാരമായ കൃതജ്ഞതയെ പ്രദർശിപ്പിച്ചുകൊള്ളുന്നു. ഈ പുസ്തകത്തിന്റെ ഒന്നാം പതിപ്പിന് ഒരു മുഖവുര എഴുതുകയും അതിനെ പ്രസിദ്ധം ചെയ്യുന്നതിന് വേണ്ടതായ സഹായങ്ങൾ ചെയ്തുതരികയും തന്റെ വിലയേറിയ സമയം വിനിയോഗിക്കുകയും ചെയ്ത ബ. കെ. എൽ. പൗലൂസ് കശ്ശീശ അവർകളോടും, പല ജോലിത്തിരക്കുകളുടെ മദ്ധ്യത്തിൽ ഈ പാട്ടുകളിലുള്ള പല തെറ്റുകളും തീർക്കുന്നതിന് സഹായിച്ച ശ്രീമാൻ പി. ജെ. ജോർജ്ജ് അവർകളോടും, ഈ പുസ്തകത്തെ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിനുള്ള സകല ചുമതലകളും ഏറ്റെടുത്ത മാർ നർസൈ പ്രസ്സ് ഭാരവാഹികളോടും എനിക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥത്തെ ഈ വിധത്തിൽ പുറത്തിറക്കുന്നതിനു കൃപ നൽകിയ സർവ്വശക്തന് നന്ദിയോടെ സ്തോത്രം ചെയ്തുകൊണ്ടും അൽപംകൊണ്ട് അനേകരെ പോഷിപ്പിക്കുകയും, തൃപ്തിപ്പെടുത്തുകയും, ശേഷിപ്പിക്കുകയും ചെയ്തവൻ തന്നെ ഈ ബലഹീന പരിശ്രമത്തെ തന്റെ തൃക്കരങ്ങളിൽ എടുത്ത്, അവിടുത്തെ തിരുനാമ മഹത്വത്തിനും, അനേകം ആത്മാക്കളുടെ നന്മക്കും ഉപയോഗപ്പെടുത്തേണമേ എന്നുള്ള അപേക്ഷയോടുകൂടി ഇതിനെ തൃപ്പാദത്തിങ്കൽ സമർപ്പിച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ
1105 ചിങ്ങം 15

എന്ന്,
റ്റി. ഡി. പൗലൂസ്

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

# പ്രസ്താവന

“സുറിയാനി ഗാനമാലിക” എന്ന ഈ പുസ്തകത്തിലെ ഭൂരിപക്ഷം പാട്ടുകളും ശ്രീ. റ്റി. ഡി. പൗലൂസ് ഏകദേശം അര നൂറ്റാണ്ടിന് മുമ്പ് രചിച്ചതാണ്. കഴിഞ്ഞ അര നൂറ്റാണ്ടുകൾക്കുള്ളിൽ പത്താം പതിപ്പിലേക്ക് പ്രവേശിച്ചിരിക്കയാണ് ഇത്. ഭംഗിയായും ശാസ്ത്രീയമായും പാടാൻ അറിയുകയില്ലെങ്കിലും കൽദായ സുറിയാനി സഭയിലെ ഭൂരിപക്ഷം ആളുകളും ഈ ഗാനങ്ങൾ വിശുദ്ധ കുർബ്ബാന, സൺണ്ടേസ്ക്കൂൾ, ബൈബിൾ ക്ലാസ്സുകൾ എന്നീ അവസരങ്ങളിൽ പാടുന്നുണ്ട്. കൂടാതെ കാൽഡിയൻ സിറിയൻ ചർച്ച് കൊയറിന്റെ ആഭിമുഖ്യത്തിൽ ഓൾ ഇന്ത്യ റേഡിയോവിൽകൂടി ഗാനമാലികയിലെ ഏതാനും പാട്ടുകൾ ആലപിക്കാറുമുണ്ട്.

വാർദ്ധക്യത്തിൽ ഇരിക്കുന്ന റ്റി. ഡി. പൗലോസ് മാസ്റ്റർ പരിഷ്കരിച്ച പത്താം പതിപ്പിലേക്കായി ഏഴ് ഗാനങ്ങൾ കൂടി എഴുതിയിട്ടുണ്ട്. പഴയ നൂറ് ഗാനങ്ങളുടെ നമ്പറുകൾക്ക് മാറ്റം വരാതിരിക്കുന്നതിനുവേണ്ടി പുതിയ പാട്ടുകൾ അതാതിന്റെ വിഷയങ്ങളുമായി ബന്ധപ്പെട്ട ഗാനങ്ങളോടുകൂടി ചേർക്കാതെ അനുബന്ധമായി ചേർത്തിരിക്കുന്നു. പഴയ പതിപ്പുകൾ ധാരാളം ഇപ്പോഴും ഉപയോഗത്തിലിരിക്കുന്നതുകൊണ്ടാണ് മാറ്റം വരുത്താത്തത്.

പുതിയ തലമുറക്ക് ആകർഷകമായ രീതിയിലുള്ള പുതിയ പാട്ടുകൾ ദിവ്യശ്രീ. സി. കെ. യോഹന്നാൻ ശമ്മാശൻ രചിച്ചിട്ടുണ്ട്. അവയിൽ ഒമ്പതെണ്ണം ഈ പുസ്തകത്തിന്റെ അവസാനത്തിൽ ചേർത്തിരിക്കുന്നു. നമ്മുടെ ഗായകസംഘം റേഡിയോവിൽകൂടി പാടിയ ഈ പാട്ടുകൾ നമ്മുടെ സഭായോഗങ്ങളിൽ കൂടുതൽ ഉപകരിക്കും എന്നാശിക്കട്ടെ. ക്രിസ്തീയ ഗാനങ്ങൾ രചിയ്ക്കുവാൻ കഴിവുള്ളവർ “പൗരസ്ത്യനാദം” മാസികയിൽക്കൂടി പ്രസിദ്ധീകരിക്കുകയും ചെയ്യും എന്നാശിക്കുന്നു.

ഈ പുസ്തകത്തിലെ ഗാനങ്ങൾ പാടുന്നവർക്കും കേൾക്കുന്നവർക്കും കൂടുതൽ സന്തോഷം പകർന്നു തരട്ടെ എന്ന് ആശംസിച്ചുകൊണ്ട് പൊതുജനസമക്ഷം സമർപ്പിക്കുന്നു.

തൃശൂർ മെത്രാപ്പോലീത്തൻ അരമനയിൽ നിന്നും } മാർ അപ്രേം
26 ഒക്ടോബർ 1973

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## അവതാരിക

"സുറിയാനി ഗാനമാലിക" എന്ന ഈ പുസ്തകം നാം വായിച്ചുനോക്കി. സുസ്മരണക്കർഹമായ പല സഭാ പിതാക്കന്മാരുടേയും സ്തോത്രാനുതാപാദി പ്രാർത്ഥനകൾ ഇതിൽ ഗാനരൂപമായി ചേർത്തുകാണുന്നത് സന്തോഷാവഹം തന്നെ. അവയുടെ ശരിയായ പാരായണം കേവലം ഭക്തിസംവർദ്ധകമാണെന്നാണ് നമ്മുടെ അഭിപ്രായം. ഇതിൽ അടങ്ങിയിരിക്കുന്ന ശിശുഗാനങ്ങൾ സണ്ടേസ്ക്കൂൾ അദ്ധ്യേതാക്കളായ ബാലികാബാലന്മാരുടെ ചെറുഹൃദയങ്ങളെ എന്നു മാത്രമല്ല മുതിർന്നവരെകൂടി വിദ്യോതിപ്പിക്കുകയും വിനോദിപ്പിക്കുകയും ചെയ്യുമെന്ന് നാം പ്രത്യാശിക്കുന്നു. മുൻപറഞ്ഞ സ്തോത്രപ്രാർത്ഥനാദികളെ ഇങ്ങിനെ ഗാനങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നതിന് ഉദ്യമിച്ചവരുടെ ഉദ്ദേശം സഭാഭ്യുദയമായിരിക്കണം. അത് ആവശ്യവും ന്യായവും അത്രേ. ആകയാൽ ഇത് നമ്മുടെ നിഷ്കളങ്കമായ കൃതജ്ഞതയെ അർഹിക്കുന്നതാണ്. ഇതിന്റെ പകർപ്പാവകാശം വാങ്ങി സ്വന്ത ചിലവിന്മേൽ പ്രസിദ്ധീകരിക്കുവാൻ നമ്മുടെ മുദ്രാലയം ഉൽസുകമായി കണ്ടതിൽ വളരെ സന്തോഷമുണ്ട്.

ഈ പുസ്തകത്തിന്റെ അവസാനത്തിൽ ഉദ്ധരിച്ചിരിക്കുന്ന കുർബ്ബാനക്രമവും സുറിയാനി പാട്ടുകളും ഏതൊരു സഭാഭിമാനിയുടേയും ഹൃദയത്തെ ബലാലാകർഷിക്കുന്നതാണ്. അവ നമ്മുടെ വാഴ്ത്തപ്പെട്ട രക്ഷിതാവ് സംസാരത്തിനുപയോഗിച്ചിരുന്നതും നമ്മുടെ പിതാക്കന്മാർ സശ്രദ്ധം സംരക്ഷിച്ചുപോന്നിരുന്നതും, നാം അഭിമാനപൂർവ്വം ആശ്രയിച്ചിരിക്കുന്നതുമായ ആ സുറിയാനി ഭാഷയിൽ -

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN MUSICOLOGICAL SOCIETY OF INDIA

എന്നാൽ മലയാളികൾക്കു ഗ്രാഹ്യമാകത്തക്ക നിലയിൽ മലയാള ലിപിയിൽ ചേർത്തു കാണുന്നതിൽ നമുക്കുള്ള ആനന്ദസംതൃപ്തികൾ നിസ്സീമമാണ്. അവയെ വേണ്ട വിധത്തിൽ നമ്മുടെ സഭാംഗങ്ങൾ വിനിയോഗിക്കണമെന്നു നാം ആശിക്കയും ഉപദേശിക്കയും ചെയ്യുന്നു.

അവസാനമായി "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും ...................... നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന് പാടി ............" കൊണ്ടിരിപ്പാൻ ഈ ചെറുഗ്രന്ഥം ഉപകരിക്കുമാറാകട്ടെ എന്നു നാം സർവ്വാത്മനാ ആശംസിച്ചുകൊള്ളുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

| | |
|---|---|
| തൃശ്ശിവപേരൂർ, മെത്രപ്പോലീത്തായ്ക്കടുത്ത നമ്മുടെ അരമനയിൽ നിന്ന് 1929 ആബ്ു 15-ാം നു ക്ക്. 1105 ചിങ്ങം 12-ാനു വി. ക. മാർത്ത് മറിയത്തിന്റെ ഓർമ്മദിവസമായ ഇന്ന് | + മാർ തിമോഥിയൂസ് മെത്രാപ്പോലീത്താ |

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# പല്ലവി അകാരാദി


| പാട്ട് | രചന | രീതി | പാട്ട് നമ്പ്ര് | പേജ് |
|---|---|---|---|---|
| അത്യുന്നതൻ തന്റെ സിംഹ | T.D.P. | എത്ര എത്ര ശ്രേഷ്ഠം | 87 | 89 |
| അയ്യോ ഇതെന്റെ പാതകം | ,, | പൊന്തിക്കോസ്തിൻ | 35 | 39 |
| അരുളീടേണമെ | P.D.L. | സുജനജീവനാ | 15 | 20 |
| ആശ്രയമെൻ ആശ്രയമെ | T.D.P. | അല്ലിയെൻറും | 72 | 72 |
| ആശയറ്റവർക്കുടയ പ്രത്യാശ | ,, | സ്തുതിച്ചീടുന്നേൻ | II | 2 |
| ആർ വസിക്കും കർത്തനെ | ,, | കർത്തനെ ഞാൻ നിങ | 89 | 91 |
| ആർ വിടുവിക്കുമീ പാപ | ,, | ഞാൻ ചെയ്ത പാതകം | 36 | 40 |
| ഇന്നീശയിൽ ഞാൻ | C.J.C. | കർത്താവെന്നുടെ ഇടയ | 32 | 34 |
| ഇക്ഷിതിയിൽ വന്ന ദേവ | T.D.P. | കൂടാതെ പാർക്കനേരം | 20 | 23 |
| ഈശോ നായകായെന്നുടെ | ,, | പ്രാണസഖീ | 23 | 25 |
| ഈശോ മഹേശനെ | ,, | മോറി ജാൻ സാഫല്യം | 3 | 7 |
| ഈശോ രാജൻ | ,, | പരലോകപാലകനെ | 95 | 96 |
| ഈശോവിൻ വാക്യങ്ങളെ | ,, | യേശു സ്നേഹിക്കുന്നെ | 41 | 44 |
| ഈശോ നാഥൻ കടന്നു | ,, | | 51 | 53 |
| ഈ കാണുന്നിവരാർ | ,, | This is a happy land | 107 | 112 |
| ഉണർന്നീടുക വേഗം | ,, | വിലയേറിയ കാലം | 74 | 74 |
| ഉണർന്നു കൊൾ നീ മനമെ | ,, | ചൊല്ലുവോ നിൻ | 11 | 15 |
| ഉന്നതത്തിൽ നിന്നിറങ്ങിയ | ,, | ഇശന്തശൂലം | 31 | 33 |
| ഉന്നതനാം | ,, | യേശു മഹാരാജനെ | 29 | 31 |
| എന്നും എന്നന്നേക്കുമുള്ള | P.J.G. | കലുഷഹരണയേശു | 22 | 25 |
| എന്നു ഞാൻ ചെന്നുചേരും | T.D.P. | യേശുപരൻവാണീടും | 52 | 54 |
| എത്രയോ വിലയേറി | ,, | പരനെ തൃക്കടക്കണ്ണാൽ | 62 | 63 |
| എത്രയോ വിശേഷദാനം | ,, | അമ്പിയാലും തമ്പു | 69 | 69 |
| എത്ര ശ്രേഷ്ഠം എൻ | ,, | നീയൊഴികെ നീ | 86 | 88 |
| എല്ലാ നേരത്തിലും | ,, | ആനന്ദമുണ്ടെനി | 16 | 20 |
| എല്ലാ കഷ്ടങ്ങളും | ,, | ആനന്ദമുണ്ടെനി | 65 | 66 |
| എല്ലാ ശ്വാസങ്ങളോടും | ,, | അന്നപൂർണ്ണിയെ അമ്പ | III | 3 |
| എന്റെ ആത്മാവെ | ,, | നിന്നാത്മാവെന്നു | 8 | 12 |

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA




| | | | | |
|---|---|---|---|---|
| എൻ കർത്താവും | ,, | നിന്നോടു പ്രാർത്ഥി | 64 | 65 |
| എൻ പ്രിയന്റെ സ്നേഹ | ,, | യറുശലേമെൻ ഇമ്പ | 42 | 45 |
| എൻ പ്രിയനെന്നും പാടീടും | ,, | യേശുമഹേശ ബാല | 47 | 50 |
| എൻ ദേഹിയെ വാഴ്ത്തി | P.K.P. | അരുണോതയസ | 91 | 93 |
| ഓർക്കിലെന്തൊരു ആ | T.D.P. | കാണ്മതുണ്ടൊരുകാ | 84 | 86 |
| കർത്തനെ ഞാൻ നിങ്ക | ,, | കുഞ്ഞാടും ക്രിസ്തേശു | 13 | 16 |
| കർത്തനെ നീയെന്നെ | ,, | വാ രക്ഷകാ ഈ | 27 | 29 |
| കർത്തനീശോയെ നിൻ | P.D.L. | ശിവഷൺമുഖ | 30 | 33 |
| കരുണാവാരിധിയെ | T.D.P. | യേശുയെൻ അടിസ്ഥാ | 18 | 22 |
| കാണാതെ പോയാടു | ,, | യേശുവിൻ പക്ഷ | 38 | 42 |
| കർത്താവു താൻ മേഘ | ,, | ശാലേമിന്നധിപ | 96 | 97 |
| കലങ്ങീടരുതെനീ | ,, | യേശുസന്നിധി | 70 | 70 |
| കാന്താ എന്തിനാൽ | ,, | ഇന്നീമംഗലം | 98 | 100 |
| കേൾക്കുക നീ പാപി | ,, | നില്ക്കു നില്ക്കു പാപി | 80 | 81 |
| ക്രൂബെ വേഗം തുറക്ക | ,, | ഞാൻ വരുന്നു ക്രൂശി | 33 | 37 |
| ക്രൂശിന്റെ വീരന്മാരെ | ,, | ശ്രീദേവാട്ടിൻകുട്ടി | 75 | 75 |
| ചൊല്ലുവോം നിൻ സ്തു | P.J.G. | തീടജമുനകേകി നീ | 7. | 11 |
| ജയമംഗളമെ ശുഭ | P.K.P. | | 10 | 14 |
| ദീർഘമാം | T.D.P. | എല്ലാകഷ്ടങ്ങളും | 103 | 106 |
| ദൈവമെ കാക്കണമെ | C.J.C. | യേശുമഹേശനെ ഞാൻ | 24 | 26 |
| ദൈവമെ കനീയുക | T.D.P. | പുത്രാനിൻഹൃദയ | 25 | 27 |
| ദൈവമെ നിനക്കുസ്തുതി | ,, | ഉന്നതാസനാനിന്റെ | I | 1 |
| ദൈവവചനമൊ | ,, | ഇതുവരെ ഞങ്ങൾ | 63 | 64 |
| നാഥൻ ഈശോ വന്നു | ,, | യേശുവെ മാത്രം | 79 | 80 |
| നൽകുക നിൻ കൃപയെ | ,, | യേശുമഹേശനെ ഞാൻ | 17 | 21 |
| നഷ്ടമായൊരാടിനെ | ,, | ആടുകൾക്കുവേണ്ടി | 34 | 38 |
| നല്ല ഇടയൻ | Dn.C.K.Y. | | 111 | 116 |
| നല്ലവനാം ബാവാ | P.J.G. | | 4 | 9 |
| നിൻ വാക്യങ്ങളെൻ | C.J.C. | പരമരാജകുമാരനെ | 92 | 94 |
| പരിശുദ്ധ ദൈവസു | T.D.P. | ശുദ്ധ ശുദ്ധ കർത്താ | 40 | 44 |


www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA




| | | | | |
|---|---|---|---|---|
| പരിപാവന | Dn.C.K.Y. | | 109 | 115 |
| പാപത്താൽ വലയുന്നോ | T.D.P. | ഇമ്മാനുവൽ തൻ | 46 | 49 |
| പാപത്തെ സേവചെ | ,, | ദുഷ്ടന്മാർക്കു പകരം | 81 | 82 |
| പാപി കൺക പാപി | ,, | യേശു നാഥാ സന്നിധി | 82 | 84 |
| പാപിയുറങ്ങുന്നുവൊ | ,, | ഹല്ലേലുഹല്ലേലുയ്യാ | 99 | 101 |
| പാടീടും ഞാൻ പ്രാണ | ,, | വന്ദ്യതാതാ പൊന്നു | 49 | 51 |
| പാഹിമാം ഉലക | ,, | എൻ കാന്തൻ ഇവൻ | 19 | 23 |
| പോരിന്നൊരുങ്ങിടിൻ | ,, | വിതച്ചീടുക നാം | 73 | 73 |
| പൈതങ്ങളാം ദാസ | ,, | യേശുമഹേശനെ | 57 | 59 |
| ബാവാതമ്പുരാനെ ഇപ്പോൾ | ,, | വരുവിൻ ചെറുപൈത | 59 | 60 |
| ബാലകരിൽ സ്നേഹമാർന്ന | ,, | പാപത്തിൻമാവിഷ | 56 | 58 |
| ബെത്ലേഹം | ,, | പൊന്നാശുവിൽ | 104 | 108 |
| മാലാഖമാരുടെ | Dn. C.K.Y. | | 110 | 116 |
| മാലാഖമാരുടെ നാട്ടിൽ | ,, | | 112 | 117 |
| മന്നവനെ മഹിമാസ | T.D.P. | അത്ഭുതനെ നിനക്കെ | 9 | 13 |
| മഹത്വം മഹത്വമെ ആ | ,, | ആനന്ദം ആനന്ദമെ | 85 | 87 |
| മഹത്വം മഹത്വമേറും | ,, | വന്ദനം വന്ദനം | 90 | 92 |
| മർത്ത്യതൻ | Dn. C.K.Y. | | 113 | 118 |
| മോദമായ് പാടുക നാം | T.D.P. | വാവരികേശുമുമ്പിൽ | 67 | 68 |
| മുട്ടുന്നു ഞാൻ കതകിൽ | ,, | യേശുവരും വേഗത്തിൽ | 83 | 85 |
| മുൾമുടി ചൂടി | Dn. C.K.Y. | | 108 | 114 |
| യഹോവ എന്ന ഭയം | T.D.P. | വന്നേൻ പൈതങ്ങൾ | 90 | 92 |
| യഹോവയല്ലോ | ,, | ഇന്നീശകൻ | 106 | 111 |
| യെരുശലേം | Dn. C.K.Y. | | 115 | 119 |
| രക്ഷകാവന്നീടുക നിൻ | T.D.P. | സത്യദൈവമെ നിനക്കു | 12 | 15 |
| രക്ഷകൻ തന്നുടെ ധ്യാനം | ,, | നല്ലവനാം ബാവ | 39 | 42 |
| രക്ഷകൻ നിന്നുടെ വിളി | ,, | യേശു എൻ സ്വന്തം | 78 | 79 |
| വന്നു ഞങ്ങൾ വന്ദ്യനാ | ,, | ഈ സഭാന്തരെ | 60 | 62 |
| വന്നീടുന്നേൻ നാഥാ | ,, | | 71 | 71 |
| വന്നീടുക ഈശേ രാജ | ,, | എന്റെ സമ്പത്തെന്നു | 97 | 98 |

CHRISTIAN MUSICOLOGICAL SOCIETY OF INDIA




| | | | | |
|---|---|---|---|---|
| വന്നീടുക വേഗത്തിൽ | ,, | വന്നേൻ പൈതങ്ങ | 100 | 103 |
| വന്നേൻ പൈതങ്ങളി | ,, | കതകൈ തുറക്ക | 58 | 60 |
| വന്ദ്യനാഥാ പൊന്നു | ,, | ചെലുമി കൃപ | 14 | 18 |
| വല്ലഭനീശോപര | ,, | ദോവാനുമാന്തിര | 66 | 67 |
| വരുന്നേൻ തിരുപദ | P.J.G. | കല്ലിലോഹരി | 61 | 62 |
| വരുവിൻ പ്രിയരെ ഈശോ | P.D.T. | പരമമൃതമാം | 76 | 76 |
| വരുവിൻ പ്രിയരെ ഇപ്പോൾ | ,, | പരിശുദ്ധ പരനെ | 77 | 77 |
| വാനവാസി താതനെ | P.D.L. | നാദബിന്ദുകലാദി | 21 | 24 |
| വാനമതിൽ സ്ഥിതി | ,, | കമ്പിമെജാത്തെ | 26 | 29 |
| വിശ്വസിച്ചുറച്ചീടുന്നു | ,, | | 55 | 57 |
| വിതക്കാരൻ വിത്തു | ,, | സുക്ഷിതിനിതം | 105 | 108 |
| ശ്രീഈശോവെ തൃപ്പാദ | ,, | മാൽമുരുകാ ഉപാ | 28 | 31 |
| സത്യത്തിൻ | Dn.C.K.Y. | | 114 | 119 |
| സത്യദൈവമെ നിൻ | T.D.P. | സ്നേഹിതന്മാരെ പ്രിയ | 43 | 46 |
| സന്തോഷം സന്തോഷ | ,, | പൈതങ്ങളെ വന്നീടിൻ | 53 | 55 |
| സമയമാം രഥത്തിൽ | ,, | | 117 | 121 |
| സർവ്വജനമെ സ്തുതിപ്പിൻ | ,, | | 94 | 96 |
| സാദ്ധ്യമാകുമൊ ഭൂവിൽ | ,, | യേശുധരൻ വാണീടും | 54 | 56 |
| സാരമതില്ലെന്നു | ,, | സർവ്വജനമെ | 105 | 65 |
| സുരജനകർണ്ണേ ഈശോ | ,, | | 48 | 51 |
| സൂര്യചന്ദ്രാദി സൃഷ്ടാ | ,, | യേശുവെ പോലെ | 37 | 41 |
| സോദരർ ഐക്യമത്യം | T.D.P. | ആരിവർ ആരിവർ | 93 | 95 |
| സ്വർഗ്ഗസീയോൻ നോക്കി | ,, | കൃപചെയ്യേശുദേവ | 68 | 68 |
| സ്വർഗ്ഗസിംഹാസന | ,, | രക്ഷകൻ നിന്നെ | 101 | 104 |
| സ്വർഗ്ഗസ്ഥനാം.. | Dn.C.K.Y. | | 116 | 120 |
| സ്തുതിഗീതങ്ങൾ പാടി | T.D.P. | അതിമംഗലകാരണ | 45 | 48 |
| സ്തോത്രം ചെയ്യ്തീടുന്നു | ,, | മത്താഡെ | 2 | 5 |
| സ്തോത്രം ചെയ്യുന്നു ഞാൻ | T.D.L. | നമ്പിനേൻ ഉന്നയെ | 6 | 11 |
| സ്തോത്രം ചെയ്തിടുന്നു ഞാൻ ധാത്രി | T.D.P. | മാപരിശുദ്ധ | 5 | 10 |
| ഹല്ലേലുയ്യാ പാടി | ,, | വേഗത്തിൽ ദൈവം | 50 | 52 |
| ഹാ ഇതെന്താശ്ചര്യം | ,, | പൊന്നിനേക്കാൾ | 44 | 47 |


www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART